"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂടം സീസൺ 2022 - സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.19/2022/വനം തീയതി,തിരുവനന്തപുരം, 13/01/2022

---

പരാമർശം:-
1. സ.ഉ.(സാധാ)നം.8/2012/വനം തീയതി 4.01.2013
2. സ.ഉ.(സാധാ)നം.5/2019/വനം തീയതി 4.01.2019
3. സ.ഉ.(സാധാ)നം.383/2019/വനം തീയതി 25.09.2019
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 24.12.2021 ലെയും 6.01.2022 ലെയും WL6-16257/2017 നമ്പർ കത്തുകൾ
5. സർക്കാരിന്റെ 4.01.2022 ലെ ഡി2/34/2020/വനം നമ്പർ കത്ത്

**ഉത്തരവ്**

അഗസ്ത്യാർകൂടം സീസൺ 2022-മായി ബന്ധപ്പെട്ട് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ പുറപ്പെടുവിക്കുന്നു:-

1. കോവിഡ് സാഹചര്യം പരിഗണിച്ച് അഗസ്ത്യാർകൂടം ട്രക്കിങ്ങിന് ഒരു ദിവസം ഓൺലൈൻ രജിസ്ട്രേഷൻ വഴി അനുമതി നൽകാവുന്ന പരമാവധി ആളുകളുടെ എണ്ണം 75 ആയി നിജപ്പെടുത്തേണ്ടതാണ്.

2. ഓൺലൈൻ രജിസ്ട്രേഷനിൽ ഉണ്ടാകാവുന്ന ക്യാൻസലേഷൻ ഉൾപ്പെടെ ഓഫ്‌ലൈൻ രജിസ്ട്രേഷൻ വഴി ഒരു ദിവസം പരമാവധി 25 പേർക്ക് അനുമതി നൽകാം.

3. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ഫീസ് ഇനത്തിൽ ഒരാളിന് 1330/- രൂപ നിശ്ചയിക്കേണ്ടതും, കൂടാതെ ട്രക്കിംഗുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ വൃത്തിയാക്കുന്നത് ഉൾപ്പെടെയുള്ള അനുബന്ധ കാര്യങ്ങൾക്കായി എക്കോസിസ്റ്റം മാനേജ്മെന്റ് സ്പെഷ്യൽ ഫീസായി 250/- രൂപ കൂടി ഈടാക്കേണ്ടതും ഈ തുക എക്കോ ഡെവലപ്മെന്റ് കമ്മിറ്റിക്ക നൽകേണ്ടതുമാണ്.

4. ട്രക്കിംഗിന് അനുമതി ലഭിക്കുന്നതിനായി അപേക്ഷകന് ലൈഫ് ഇൻഷ്വറൻസ്/

ആക്സിഡന്റ് ഇൻഷുറൻസ് തുടങ്ങിയ ഏതെങ്കിലും ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരിക്കേണ്ടതാണ്. വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. ട്രക്കിംഗ് യാത്ര ആരംഭിക്കുന്നതിന് 72 മണിക്കൂറിനുള്ളിൽ എടുത്ത ആർ.ടി.പി.സി.ആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ രണ്ടു ഡോസ് കോവിഡ് വാക്സിൻ എടുത്തതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ ഏതെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

6. സന്ദർശകരുടെ താമസം ഉൾപ്പെടെയുള്ള സൗകര്യങ്ങളിൽ കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കുന്നതായി ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Manoj K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഗസ്ത്യാർകൂടം ബയോളജിക്കൽ പാർക്ക്), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Sabarish M S
Date: 13-01-2022 11:29:55
Reason: Approved
സെക്ഷൻ ഓഫീസർ